# ആകാശക്കൊട്ടാരങ്ങളിൽ സ്വപ്നം വിതറുന്നവർ

ഷബീബ് മലപ്പുറം.

റോഡിന്നരികിലായി നിരത്തിയിട്ടിരിക്കുന്ന മുളക്കെട്ടുകൾക്കിടയിൽ നിന്നും ഇവരുടെ പ്രഭാതം ആരംഭിക്കുന്നു. നിരന്നു നിൽക്കുന്ന വണ്ടികളിൽ പന്തൽനിർമ്മാണ സാമഗ്രഹികളുമായി യാത്രയാവാനുള്ള ഒരുക്കങ്ങൾ ആരംഭിക്കുകയായി.

ഇവർ പൂരനഗരിയുടെ ഉത്സവങ്ങളിൽ വർണവൈവിധ്യങ്ങളുമായി 'ആകാശക്കൊട്ടാരങ്ങൾ' തീർക്കുന്നവർ...... പാട്ടുരായ്ക്കൽ റോഡിന്നഭിമുഖമായി നിൽക്കുന്ന ഈ കൊച്ചുകടിലുകളിലാണ് കലാനിപുണതയും സാഹസികതയും പരമ്പരാഗതമായി കൈവന്ന ഈ കലാകാരൻമാർ താമസിക്കുന്നത്. കാലത്തിന്റെ കുത്തൊഴുക്കിൽ പരമ്പരാഗത കൈത്തൊഴിലുകൾ അന്യം നിൽക്കുകയാണെന്ന ദുരന്തം ഇവിടേയും കടന്നുവരുന്നു. നേരത്തെ അമ്പതോളം കുടുംബങ്ങളുണ്ടായിരുന്ന പന്തൽപണിക്കാർ ഇപ്പോൾ മൂന്നു കുടുംബങ്ങളായി ചുരുങ്ങിക്കഴിഞ്ഞു. ജീവിതപ്രാരാബ്ധങ്ങളിൽ പിടിച്ചുനിൽക്കാൻ കഴിയാതെ റോഡ്സൈഡിലുള്ള തുണ്ട്സ്ഥലം ചുടിയവിലക്ക് വിറ്റ് സാമ്പത്തികസുരക്ഷിതത്വം നേടാനുള്ള തത്രപ്പാടിലാണ് മിക്കവരും. ഇവിടം വിട്ടുപോയ കുടുംബങ്ങളൊന്നും പിന്നീട് ഈ തൊഴിൽ തുടരാനിഷ്ടപ്പെട്ടുമില്ല.

ഉത്സവ സീസണുകൾ കഴിയുന്നതോടെ പന്തൽതൊഴിലാളികൾ മിക്കപ്പോഴും തൊഴിൽരഹിതരാവും. വേനൽക്കാലത്ത് സ്വരൂപിക്കുന്ന വരുമാനംകൊണ്ട് വേണം പിന്നെ കഷ്ടപ്പാടിന്റെ മഴക്കാലം തള്ളിനീക്കാൻ. "ജനിച്ചുവളർന്ന ഈ പരിസരം വിട്ടുപോകാൻ വിഷമമുണ്ട്. ഇപ്പോൾത്തന്നെ രണ്ടുകൂട്ടർപോയി. ഭൂമിക്കു ന'ല വില കിട്ടിയാൽ ഞങ്ങളും പോകും."പന്തൽപ്പണിയുടെ ആരവങ്ങൾക്കിടയിൽ ബാല്യവും യൗവ്വനവും പിന്നിട്ട് ഇപ്പോൾ വാർദ്ധക്യത്തിൽ എത്തിനിൽക്കുന്ന അമ്മുക്കുട്ടി പറയുന്നു.

"കല്യാണമണ്ഡപങ്ങൾ വ്യാപകമായതോടെ കല്യാണപന്തലുകളുടെ ആവശ്യം കുറഞ്ഞു. ഇത് പന്തൽപ്പണിക്കാരെ നന്നായി ബാധിച്ചിട്ടുണ്ട്."തൃശ്ശൂരിലെ എണ്ണംപറഞ്ഞ പന്തൽപ്പണിക്കാരനായ രവി പറയുന്നു.അച്ഛൻ'കൊച്ചുപാറ'യുടെ കൂടെനിന്നാണ് രവി പന്തൽപ്പണിയുടെ ബാലപാഠങ്ങൾ പഠിച്ചത്. രവിയുടെ മക്കളെല്ലാം കോളേജ് വിദ്യാഭ്യാസം സിദ്ധിച്ചവരാണ്. "അവരൊന്നും പന്തൽപ്പണിയിലേക്ക് തിരിയുംന്ന് തോന്ന്ണ്ല്യ."അന്യംതിന്ന് പോകാവുന്ന പന്തൽപ്പണിയുടെ ഭാവിയിലേക്ക് രവിയുടെ വാക്കുകൾ ചൂണ്ടുപലകയാവുന്നു.

ആകാശംമുട്ടെ തീർക്കുന്ന നിലപ്പന്തലുകളാണ് തൃശ്ശൂരിലെ പന്തൽപ്പണിക്കാരുടെ പെരുമ വാനോളമെത്തിച്ചത്. തൃശ്ശൂരിനുപുറമെ കേരളത്തിൽ എമ്പാടും ഇത്തരം പന്തലുകൾക്ക് ഉത്സവക്കമ്പക്കാർക്കിടയിൽ വൻപ്രിയമാണ്. കോഴിക്കോട് തളിക്ഷേത്രം തുടങ്ങി കേരളത്തിലെ എല്ലാ വലിയ ക്ഷേത്രോത്സവങ്ങളിലും നിലപ്പന്തലുകൾ അവിഭാജ്യഘടകമാണ്. സാമ്പത്തികമായി അത്ര മെച്ചമില്ലെങ്കിലും ആവേശത്തിന്റെ പുറത്താണ് നിലപ്പന്തലുകൾ ഒരുക്കുന്നതെന്ന് രവി പറയുന്നു. പന്തലിന്റെ മകുടങ്ങൾക്കും മറ്റുംവേണ്ടി പ്രത്യേകമായുണ്ടാക്കുന്ന കമാനങ്ങൾ പെട്ടെന്ന് കേടുവരും. ഇവ സൂക്ഷിച്ചുവച്ച് പിന്നീടുപയോഗിക്കാൻ കഴിയില്ല. ഒരുപാടുയരത്തിലെത്തുന്ന പന്തലുകളിൽ ബാലൻസ് ചെയ്തുനിന്നുവേണം വീണ്ടും ഉയരത്തിൽ കെട്ടിപ്പൊക്കാൻ. ഇത് ചിലപ്പോൾ അപകടങ്ങൾക്കും ഇടയാകാറുണ്ട്. 1974-ൽ തൃശ്ശൂർപൂരത്തിന് പന്തൽ തീർക്കുമ്പോൾ ചെറിയൊരു വീഴ്ച്ചയിൽ രവിക്കും പരിക്കുപറ്റിയിരുന്നു.

മുളയും കയറുമാണ് പന്തൽനിർമ്മാണത്തിനുപയോഗിക്കുന്ന പ്രധാന അസംസ്കൃതവസ്തുക്കൾ. മുളക്കഷണങ്ങൾ ചേർത്തുവച്ചുണ്ടാക്കിയ ഫ്രെയിമുകൾ കൊണ്ടാണ് പന്തലുകൾ തീർക്കുന്നത്. പന്തലിന്റെ ഭംഗിക്ക് വേണ്ടി ഫ്രെയിമുകളിൽ പലതരത്തിലുള്ള ചായങ്ങൾ തേച്ച് മനോഹരമാക്കുന്നു. പന്തലുകൾക്കുപുറമെ പൾപ്പുപയോഗിച്ച് മനോഹരമായ കലാരൂപങ്ങൾ തീർക്കുന്നതിലും വിദഗ്ധരാണ് ഈ തൊഴിലാളികൾ. എക്സിബിഷനുകളുടേയും മറ്റും പ്രവേശനകവാടങ്ങൾ അണിയിച്ചൊരുക്കാൻ ഇവർ കീർക്കുന്ന ദിനോസറുകളുടേയും അണക്കെട്ടുകളുടേയും എല്ലാം രൂപഭംഗിയൊന്നുവേറെത്തന്നെയാണ്. പാട്ടുരായ്ക്കൽ'തയ്‌വരമ്പ് 'കോളനിക്കുപുറമേ ചിയ്യാരം, അരണാട്ടുകര, കണ്ണമംഗലം, തൃക്കുമാരമാം കോളനി എന്നിവടങ്ങളിലും പന്തൽപ്പണിയുമായി ബന്ധപ്പെട്ട കുടുംബങ്ങൾ പാർക്കുന്നു. കണ്ണമംഗലത്തെ പ്രമുഖ പന്തൽപ്പണിക്കാരനായിരുന്ന വേലായുധന്റെ പണികൾ ഇപ്പോൾ ഏറ്റെടുത്തുനടത്തുന്നത് ഇയാളുടെത്തന്നെ പെൺമക്കളാണ്. എങ്കിലും ആധുനികയുഗത്തിന്റെ ഗതിവേഗങ്ങൾക്കിടയിൽ ഇവരുടെ പുതിയ തലമുറ പന്തൽപ്പണിയിൽനിന്ന് അകലുകതന്നെയാണ്. "പന്തൽപ്പണിയെക്കുറിച്ച് ആധികാരികമായൊന്നും പറയാൻ അറിയില്ല."എന്ന മുഖവുരയോടെ ഒഴിഞ്ഞുമാറുന്ന പുതിയ തലമുറക്കാരനായ ഷാജുവിന്റെ വാക്കുകളും മറ്റൊന്നല്ല കാട്ടിത്തരുന്നത്. 'ജർമ്മൻ' എന്നറിയപ്പെട്ടിരുന്ന 'തിമോത്തി', ജപ്പാൻകുഞ്ഞിമോൻ, ശാദുൽ എന്നിവരെല്ലാം ഒരുപാടുപണിക്കാരെ സംഘടിപ്പിച്ച് വ്യവസായികാടിസ്ഥാനത്തിൽ പന്തൽപ്പണിയേറ്റെടുത്ത് നടത്തിയിരുന്ന പഴയ തലമുറയിലെ പ്രമുഖരാണ്.

എല്ലാത്തിനും കൃത്രിമത്വത്തിന്റെ പുതുഭാഷ്യങ്ങൾ ചമയ്ക്കുന്ന 'റെഡിമെയ്ഡ്' സംസ്കാരം' പന്തൽപ്പണിയിലും കടന്നുവന്നിരിക്കുന്നു. പൈപ്പുകളുപയോഗിച്ച് നിർമ്മിക്കുന്ന പന്തലിന് പ്രചാരം കൂടുകയാണിപ്പോൾ. പൈപ്പുപയോഗിച്ച് നിർമ്മിച്ച ഫ്രെയിമുകളെ നെട്ടും ബോൾട്ടുമായി ബന്ധിപ്പിച്ചാണ് ഈ പന്തലുകൾ നിർമ്മിക്കുന്നത്. സാധാരണ പന്തൽപ്പണിയേക്കാൾ കുറഞ്ഞ ചെലവിൽ കുറഞ്ഞ സമയംകൊണ്ട് തീർക്കുവാൻ കഴിയുന്ന ഈ പന്തലുകളുടെ പ്രചാരകർ കോട്ടയം കേന്ദ്രമാക്കി പ്രവർത്തിക്കുന്ന 'ഹരിശ്രീ കമ്പനിയാണ്.

സർക്കാരിന്റെ ഐ. ആർ. ഡി. പി. പോലുള്ള സ്കീമുകളിൽ ഇത്തരം പണികൾക്കും സാമ്പത്തിക സഹായം നൽകാറുണ്ടെങ്കിലും അതിനുവേണ്ട കാലവിളംബവും ഔദ്യോഗികകാര്യത്തിലുള്ള പരിജ്ഞാനത്തിന്റെ അഭാവവും ഇവരെ അത്തരം നീക്കങ്ങളിൽനിന്ന് പിന്തിരിപ്പിക്കുന്നു.

തലമുറകളായി എത്രയോ പൂരക്കാഴ്ചകൾക്ക് നിറം ചാർത്തിയ ഇവരുടെ കുടുംബങ്ങൾ പടിയിറങ്ങുകയാണ്. ആകാശംമുട്ടെ ഉയർന്നുനിൽക്കുന്ന ജീവിതപ്രാരാബ്ധങ്ങൾ തീർക്കുന്ന സമസ്യകൾക്ക് ഉത്തരം തേടി........